പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2833

07.12.2018 ൽ മറുപടിയ്ക്ക്

വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിന് സംവിധാനം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ഒ.ആർ.കേളു,<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.വീണാ ജോർജ്ജ് | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വനമേഖലകളിൽ ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡുകൾ സ്ഥാപിക്കുകയും, പട്രോളിംഗ് ശക്തിപ്പെടുത്തിയും ജീവനക്കാർക്ക് ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ നൽകിയും ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വന്യജീവികൾക്കെതിരെയുള്ള ആക്രമണങ്ങൾ ഒരു പരിധി വരെ തടയുന്നതിന് സാധിച്ചിട്ടുണ്ട്.<br>മൃഗവേട്ടക്കാരെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും, ഇത്തരം കുറ്റകൃത്യങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന മൺസൂൺ സീസണിൽ കൂടുതൽ ആന്റിപോച്ചിംഗ് വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനസംരക്ഷണം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വനമേഖലയിൽ കടന്ന് കുറ്റകൃത്യങ്ങൾ നടത്തുന്നതിനെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം പ്രവർത്തികൾ തടയുന്നതിനായി വനം വകുപ്പിലെ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ രഹസ്യ വിവര ശേഖരണം നടത്തുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വന്യജീവി സംരക്ഷണത്തിനും വന്യജീവികളെ വേട്ടയാടുന്നത് തടയുന്നതിനുമായി വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.2428/2018/ഹോം, തീയതി 22.08.2018 പ്രകാരം വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് 17.11.2018-ലെ ജി.ഒ. (ആർ.റ്റി)3338/18/ഹോം പ്രകാരം യൂണിറ്റിന്റെ ഘടനയിൽ മാറ്റം വരുത്തി 22.08.2018-ലെ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്. |

File No.FWLD-D2/496/2018-FWLD

| | | |
|---|---|---|
| (സി) | പ്രസ്തുത യൂണിറ്റ് വന്യജീവികളുമായി ബന്ധപ്പെട്ട കേസുകളുടെ വിശദവിവരം ഉൾക്കൊള്ളിച്ച് വൈൽഡ് ലൈഫ് ക്രൈം ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; | (സി) ഭേദഗതി ചെയ്ത ഉത്തരവ് 17.11.2018-ൽ ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. യൂണിറ്റ് പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | ആനവേട്ട, മാൻവേട്ട തുടങ്ങി വന്യജീവികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച അന്വേഷണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) ആനവേട്ട, മാൻവേട്ട തുടങ്ങി വന്യജീവികൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളിൽ അന്വേഷണം 45 ദിവസത്തിനകം പൂർത്തിയാക്കി കേസ്സ് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ